കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

**പ്രസിദ്ധീകരണത്തിന്**

തീയതി 28.05.2020

മുഖ്യമന്ത്രിയ്ക്ക് എതിരെയുള്ള പ്രതികരണത്തിന് അതൃപ്തി അറിയിച്ചു കൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയ്ക്ക് റെയിൽവേയുടെ ചുതമലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ കത്തയച്ചു.

മുംബയിൽ നിന്നും കേരളത്തിലേയ്ക്ക് മലയാളികളുമായി എത്തുന്ന ട്രെയിനിന് സംസ്ഥാന സർക്കാർ അനുമതി നൽകുന്നില്ല എന്ന് ആരോപണമുന്നയിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി പീയുഷ് ഗോയൽ പ്രസ്താവന നടത്തിയിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന മലയാളികളെ ക്വാറന്റെയിൻ ചെയ്യുന്നതിനും ആവശ്യമെങ്കിൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടിക്രമങ്ങളുടെ ഭാഗമായാണ് കേരളത്തിൽ എത്തുന്നവരുടെ വിവരങ്ങൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തിയത്. ഇതിന് വിരുദ്ധമായ നിലപാട് അംഗീകരിക്കാൻ കഴിയില്ലായെന്നും ബഹു. മുഖ്യമന്ത്രിയുടെ നിലപാട് കേന്ദ്ര റെയിൽവേ മന്ത്രി തെറ്റിദ്ധരിച്ചാണ് ഇപ്രകാരമുള്ള പരാമർശം നടത്തിയതെന്നും മന്ത്രി വ്യക്തമാക്കി. ഇപ്പോൾ സർക്കാരിന്റെ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ഇപ്പോൾ സ്പെഷ്യൽ ട്രെയിനുകൾ മുംബയിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ടെന്നും കത്തിൽ വ്യക്തമാക്കിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.